**ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്**

വികാസ് ഭവൻ, തിരുവനന്തപുരം

ടെലിഫോൺ-0471-2300523,24,2302090

ഇ-മെയിൽ-director.mwd@gmail.com

വെബ് സൈറ്റ്-www.minoritywelfare.kerala.gov.in

ഭരണ ഭാഷ-മാതൃഭാഷ

നം. MWD/834/2024-P1 തീയതി.14-01-2026

വിഷയം- : ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് – ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾ / വിവാഹമോചിതർ / ഉപേക്ഷിക്കപ്പെട്ട വിഭാഗത്തിലെ സ്ത്രീകൾ എന്നിവർക്കായുള്ള സ്വയംതൊഴിൽ പദ്ധതി –വിജ്ഞാപനം - സംബന്ധിച്ച്.

പരാമർശം : 01.01.2026=ലെ സഉ(സാധാ)നം. 16/2026/GAD-നമ്പർ സർക്കാർ ഉത്തരവ്.

**<u>വിജ്ഞാപനം</u>**

ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾ, വിവാഹമോചിതർ, ഭർത്താവ് ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്കായി സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ്, കേരള സംസ്ഥാന ന്യൂനപക്ഷവികസന ധനകാര്യ കോർപ്പറേഷൻ മുഖേന സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുന്നു.

20 വയസ്സിനും 60 വയസ്സിനും ഇടയിലുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. ഈ പദ്ധതിയുടെ ഭാഗമായി, പരമാവധി 5 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. വായ്പാ തുകയുടെ 20% സബ്സിഡിയായി അനുവദിക്കുന്നു.

കുടുംബ വാർഷിക വരുമാനപരിധി 2.5 ലക്ഷം രൂപ വരെ ആയിരിക്കണം. മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉള്ളവർ, 18 വയസ്സിന് താഴെ പ്രായം വരുന്ന കുട്ടികളുള്ളവർ, BPL കുടുംബങ്ങൾ എന്നിവർക്ക് പദ്ധതിയിൽ മുൻഗണന ലഭിക്കുന്നതാണ്. BPL വിഭാഗത്തിന്റെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനപരിധി 2.5 ലക്ഷം വരെയുള്ള APL വിഭാഗത്തെയും പരിഗണിക്കും. **സബ്സിഡി കിഴിച്ചുള്ള വായ്പാ തുകയ്ക്ക് 6 ശതമാനം പലിശ നിരക്ക് മാത്രമായിരിക്കും ഈടാക്കുന്നത്.**

അപേക്ഷകൾ www.ksmdfc.org എന്ന വെബ്സൈറ്റിൽ online ആയി സമർപ്പിക്കാം. കൂടാതെ www.ksmdfc.org എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷാ ഫാറം ഡൗൺലോഡ് ചെയ്ത്, പൂർണ്ണമായി പൂരിപ്പിച്ച് നേരിട്ടും തപാൽ മുഖേനയും കോർപ്പറേഷന്റെ ഹെഡ് ഓഫീസ്/റീജിയണൽ ഓഫീസുകളിൽ സമർപ്പിക്കാവുന്നതാണ്.

**<u>ഹെഡ് ഓഫീസ്-വിലാസം</u>**

**<u>അപേക്ഷാ വിലാസം</u>** : കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് ഹെഡ് ഓഫീസ്, KURDFC ബിൽഡിംഗ്, വെസ്റ്റ് ഹിൽ (PO), ചക്കോരത്ത്കുളം, കോഴിക്കോട് – 673005 ഫോൺ : 0495-2368366

**<u>റീജിയണൽ ഓഫീസുകൾ</u>**

**<u>കാസർഗോഡ്, കണ്ണൂർ</u>**

**<u>അപേക്ഷാ വിലാസം</u>** : കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ്, റീജിയണൽ ഓഫീസ്, ബസ് സ്റ്റാൻഡ് ബിൽഡിംഗ്, ചെങ്കള (PO) ചേർക്കള, കാസർഗോഡ്-671541 ഫോൺ : 04994-283061

**<u>കോഴിക്കോട്, വയനാട്</u>**

**<u>അപേക്ഷാവിലാസം:</u>** കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് ഹെഡ്ഓഫീസ്, KURDFC-ബിൽഡിംഗ്, വെസ്റ്റ്ഹിൽ(PO), ചേക്കോരത്തുകുളം, കോഴിക്കോട് – 673005, ഫോൺ : 0495-2368366

**<u>മലപ്പുറം, പാലക്കാട്</u>**

**<u>അപേക്ഷാ വിലാസം :</u>** കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് റീജിയണൽഓഫീസ്, സുന്നിമഹൽ ബിൽഡിംഗ്, ജൂബിലിമിനി ബൈപാസ് റോഡ്, പെരിന്തൽമണ്ണ, മലപ്പുറം – 679322, ഫോൺ : 04933-297017

**<u>എറണാകുളം, ഇടുക്കി, കോട്ടയം</u>**

**<u>അപേക്ഷാവിലാസം:</u>** കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് റീജിയണൽ ഓഫീസ്, പി.ഡി.ഡി. റസ്റ്റ്ഹൗസ് ബിൽഡിംഗ് കോംപ്ലക്സ്, ഒന്നാം നില, പത്തടിപ്പാലം, കളമശ്ശേരി, എറണാകുളം – 682033,ഫോൺ : 0484-2532855.

**<u>തിരുവനന്തപുരം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട</u>**

**<u>അപേക്ഷാ വിലാസം :</u>**കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് റീജിയണൽ ഓഫീസ്, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സ്, 8-ാം നില, തമ്പാനൂർ, തിരുവനന്തപുരം – 695001, ഫോൺ : 0471-2324232

വിശ്വസ്തതയോടെ

SABIN SAMEED IAS
ഡയറക്ടർ

Signed by
Sabin Sameed
Date: 14-01-2026 12:05:10